പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2919 **29-10-2026-ൽ മറുപടിയ്ക്ക്**

വള്ളിക്കുന്ന് മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ടി. വി. ഇബ്രാഹിം ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നടക്കുന്നത്; വിശദാംശം നൽകാമോ;

മറുപടി: സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(ബി) ഇരുമ്പോത്തിങ്ങൽ കടവ് പാലം പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ;

മറുപടി: 2026-27 -ലെ പുതുക്കിയ ബജറ്റിൽ 100 രൂപ വകയിരുത്തിയിട്ടുള്ള ഇരുമ്പോത്തിങ്ങൽ കടവ് പാലം പ്രവൃത്തിക്ക് വേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കി അത് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നു.

(സി) മണ്ഡലത്തിൽ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ ഏതൊക്കെ പ്രവൃത്തികളാണ് ഇനി പൂർത്തിയാകാൻ ഉള്ളതെന്ന് വിശദമാക്കാമോ;

മറുപടി: വള്ളിക്കുന്ന് മണ്ഡലത്തിൽ നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(ഡി) എസ്. എൽ. ടി. എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ ഏതൊക്കെ പൊതുമരാമത്ത് പ്രവൃത്തികളാണ് നടക്കുന്നതെന്ന് വിശദമാക്കാമോ;

മറുപടി: വള്ളിക്കുന്ന് മണ്ഡലത്തിൽ എസ്. എൽ. ടി. എഫ്. പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഒന്നും തന്നെയില്ല.

(ഇ) കടലുണ്ടി - ചെട്ടിയാർമാട് റോഡ് പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കാമോ?

മറുപടി: കടലുണ്ടി ചെട്ടിയാർമാട് റോഡ് പ്രവൃത്തിയിൽ നിലവിൽ കേരള വാട്ടർ അതോറിറ്റി (KWA) യുടെ കീഴിൽ റെസ്റ്റോറേഷൻ പ്രവൃത്തികൾ നടന്നു വരുന്നു. റോഡിന്റെ പുനർ നിർമ്മാണത്തിന്

തയ്യാറാക്കിയ 1,675 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ